# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1359 — 03.12.2015-ൽ മറുപടിക്ക്

## വില കുറച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എളമരം കരീം** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഭൂമിയുടെ വില കുറച്ച്ആധാരം രജിസ്റ്റർ ചെയ്ത എത്ര കേസുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പിഴ അടക്കാൻ നോട്ടീസ് നൽകിയ കേസുകൾ എത്ര; | എ) സംസ്ഥാനത്ത് ഭൂമിയുടെ വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത 18,61,133 കേസുകൾ 2015 ഒക്ടോബർ മാസം വരെ അണ്ടർവാല്യുവേഷന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 9,22,104 കേസുകളിൽ കുടിശ്ശിക തുക അടയ്ക്കുവാൻ അന്തിമ ഉത്തരവ് നൽകുകയും 8,01,509 കേസുകളിൽ കുടിശ്ശിക തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 1,20,595 കേസുകളിൽ തുക ഈടാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പ്രസ്തുത കേസുകളിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ? | ബി) 2015 ഒക്ടോബർ മാസം വരെ അണ്ടർ വാല്യുവേഷന് റിപ്പോർട്ട് ചെയ്യപ്പെട്ട 18,61,133 കേസുകളിൽ 9,22,104 കേസുകളിൽ മാത്രമേ അന്തിമ ഉത്തരവ് നൽകിയിട്ടുള്ളൂ. ശേഷിക്കുന്ന 9,39,029 കേസുകൾക്ക്കൂടി അന്തിമ ഉത്തരവ് നൽകിയാൽ മാത്രമേ പൂർണ്ണമായ വരുമാന നഷ്ടം കണക്കാക്കാൻ കഴിയൂ. 2015 ഒക്ടോബർ മാസം വരെ അന്തിമ ഉത്തരവ് നൽകിയ 9,22,104 കേസുകളിൽ നിന്ന് 189,83,55,785 രൂപ വരുമാന നഷ്ടം കണക്കാക്കിയിരുന്നു. ഇതിൽ 8,01,509 കേസുകളിൽ നിന്ന് 188,40,86,764 രൂപ കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 1,20,595 കേസുകളിൽ തുക ഈടാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**